"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി- ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ഷീല ഇ.എസ്സിന്റെ മകനും ആശ്രിതനുമായ ശ്രീ. അഖിൽ അരവിന്ദിന് എറണാകുളം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(കൈ) നം.75/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/06/2019

---

പരാമർശം:- 1 സ.ഉ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999

2 സ.ഉ.(കൈ) നം.5/2018/ഉഭപവ തീയതി 21.02.2018

3 ശ്രീ. അഖിൽ അരവിന്ദ് സമർപ്പിച്ച 14.05.2018-ലെ അപേക്ഷ

4 പഞ്ചായത്ത് ഡയറക്ടറുടെ 12.07.2018-ലെ ഇ14-21629/2018 നമ്പർ കത്ത്

5 എറണാകുളം ജില്ലാ കളക്ടറുടെ 19.03.2019-ലെ ഇ5-242499/2019നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ഷീല ഇ.എസ്.ന്റെ മകനും ആശ്രിതനുമായ ശ്രീ. അഖിൽ അരവിന്ദ് സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമപരമായ അനന്തരാവകാശികൾക്കായുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ ഷീല ഇ.എസ്. 17.08.2017-ൽ നിര്യാതയായി. ഷീല ഇ.എസ്. 21 വർഷവും 7 മാസവും 2 2 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. പരേതയുടെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. നിലവിൽ അപേക്ഷകന് 23 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ +2 പാസ്സായിട്ടുണ്ട്. ശ്രീ. അഖിൽ അരവിന്ദ്, എറണാകുളം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകനായ ശ്രീ. അഖിൽ അരവിന്ദിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്നുള്ള സമ്മതപത്രം പരേതയുടെ മറ്റ് അനന്തരാവകാശികൾ നൽകിയിട്ടുണ്ട്. ടിയാൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 7,18,000/- രൂപയാണെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീ. അഖിൽ അരവിന്ദ് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറും, എറണാകുളം ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. പരാമർ ശം (2) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവിലെയും അനുബന്ധ

ഉത്തരവുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ഷീല ഇ.എസ്സിന്റെ മകനും ആശ്രിതനുമായ ശ്രീ. അഖിൽ അരവിന്ദിന്, എറണാകുളം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ, ആദ്യം ഉണ്ടാകുന്നതോ ആയ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരേതയായ ഷീല ഇ.എസ്.ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്.

6. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് തെറ്റായി ആശ്രിത നിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃൂ**

**അഡീഷണല് സെക്രട്ടറി**

1. ശ്രീ. അഖിൽ അരവിന്ദ്,

വടശ്ശേരി ഹൗസ്, എടത്തല പി.ഒ, ആലുവ, എറണാകുളം-683 561 (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, എറണാകുളം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ